# മഹാത്മാ ഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനം – WP (C) നം. 28731 (2018) ൽ ബഹു: കേരള ഹൈക്കോടതിയുടെ ഇടക്കാല വിധി – ഏകജാലക പ്രവേശനപ്രക്രിയ അവസാനിച്ചതിനു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതിന് കോളേജ് അധികൃതരെ അനുവദിക്കുന്നത് – പ്രവേശന മാനദണ്ഡങ്ങൾ നിജപ്പെടുത്തുന്നത് – ഉത്തരവ് – പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് ബി 6 വിഭാഗം**

നം: 6798/1/എ സി ബി 6/2018 തീയതി 17/09/2018 പ്രിയദർശിനി ഹിൽസ്

---

പരാമർശം: 1. WP (C) നം. 28731 (2018) ൽ ബഹു: കേരള ഹൈക്കോടതിയുടെ ഇടക്കാല വിധി

2. രജിസ്ട്രാറുടെ 15/09/2018ലെ രജി/കേ പ്രവേ/2012/2018 നം കുറിപ്പിൽ വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രഫസ്സറുടെ ഉത്തരവ്

**<u>ഉത്തരവ്</u>**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനം അവസാനിച്ചതിനുശേഷം ഒഴിവുള്ള മെറിറ്റ് സീറ്റുകളിലേക്ക് പരാമർശം (1) കേസിലെ പരാതിക്കാരായ കോളേജുകളെ അനുവദിക്കണമെന്നു WP (C) നം. 28731 (2018) ൽ ബഹു: കേരള ഹൈക്കോടതിയുടെ ഇടക്കാല വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നു. ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശന പ്രക്രിയയുടെ നിലവിൽ സർവ്വകലാശാല അവസാന തീയതിയായി നിശ്ചയിച്ചിരിക്കുന്ന 17/09/2018നു പൂർത്തീകരിക്കുന്നതിനാൽ 17/09/2018 നു ശേഷം ഒഴിവുള്ള മെറിറ്റ് സീറ്റുകളിലെ പ്രവേശനത്തിനായി പരാമർശം (1) ലെ ബഹു: കേരള ഹൈക്കോടതിയുടെ ഇടക്കാല വിധിയനുസരിച്ച് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളെ അനുവദിച്ചു കൊണ്ട് താഴെപ്പറയുന്നവയ്ക്ക് വൈസ്ചാൻസലറുടെ ചുമതലയുള്ള പ്രൊഫസ്സർ ഉത്തരവായിരിക്കുന്നു.

1. ഒഴിവുള്ള മെറിറ്റ് സീറ്റുകളിലേക്ക് കോളേജുകളിൽ പ്രവേശനം നടത്തുന്നതിനായി താഴെപ്പറയുന്ന ഷെഡ്യൂൾ കർശനമായും പാലിക്കേണ്ടതാണ്.

**ഷെഡ്യൂൾ**

| ക്രമ നം | ഇനം | തീയതി |
|---|---|---|
| 1. | കോളേജുകളിൽ അപേക്ഷ നൽകാനുള്ള തീയതി | 18/09/2018 – 22/09/2018 |
| 2. | ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ റാങ്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യേണ്ട തീയതി | 24/09/2018 8.00 എ എം. മുതൽ 2.00 പി എം. വരെ |
| 3. | കോളേജുകൾ അപ് ലോഡ് ചെയ്ത റാങ്ക് ലിസ്റ്റ് ക്യാപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി | 24/09/2018 5.00 പി എം. |
| 4. | പ്രവേശനം | 25/09/2018 8.00 എ എം. മുതൽ 27/09/2018 5.00 പി എം. വരെ |
| 5. | ഡേറ്റ് ഓഫ് ക്ലോസിംഗ് ഓഫ് അഡ്മിഷൻസ് | 27/09/2018 |
| 6. | ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ പ്രവേശന സംബന്ധമായ വിവരങ്ങൾ അപ് ലോഡ് ചെയ്യാനുള്ള അവസാന തീയതി | 27/09/2018 5.00 പി എം. |

2. ക്യാപ്പിൽ കൂടി മുൻപ് അപേക്ഷിച്ചിരുന്നവർ വീണ്ടും കോളേജുകളിൽ അപേക്ഷിക്കുമ്പോൾ സർവ്വകലാശാലയുടെ അനുമതി ആവശ്യപ്പേടേണ്ടതില്ല. ഇത്തരക്കാരിൽ നിന്നും അപേക്ഷാ ഫീസും ഈടാക്കാൻ പാടുള്ളതല്ല. എന്നാൽ, നിലവിൽ ക്യാപ്പിൽ കൂടി അപേക്ഷിച്ചിട്ടില്ലാത്തവർക്ക് സർവ്വകലാശാലയുടെ നിലവിലുള്ള പ്രവേശന നിയമമനുസരിച്ച് കോളേജുകളിൽ അപേക്ഷ സമർപ്പിക്കുന്നതിനായി സർവ്വകലാശാലയുടെ മുൻകൂർ അനുമതി ആവശ്യമാണ്.
3. സംവരണ വിഭാഗങ്ങളിൽപ്പെട്ട അപേക്ഷകർ അപേക്ഷിക്കുമ്പോൾ അതേ സംവരണ വിഭാഗത്തിൽ സീറ്റ് ഒഴിവുണ്ടെങ്കിൽ സംവരണ വിഭാഗത്തിൽപ്പെട്ട അപേക്ഷകന് മുൻഗണന നൽകേണ്ടതാണ്.
4. നിർദ്ദിഷ്ട തീയതിക്കു മുൻപായി ലഭിച്ച അപേക്ഷകൾ ഓരോ കോളേജ് അധികൃതരും പരിഗണിച്ച് ഇൻഡക്സ് മാർക്ക് കണക്കാക്കി, മെറിറ്റിൻെറയും

സംവരണത്തിൻെറയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതും നിശ്ചിത സമയ പരിധിക്കു മുൻപായി ഇത്തരത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് സർവ്വകലാശാലയുടെ ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. സർവ്വകലാശാലയുടെ ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്ത റാങ്ക് ലിസ്റ്റിൽ നിന്നു മാത്രമേ പ്രവേശനം നടത്തുന്നതിന് സാധിക്കുകയുള്ളു.

5. പ്രവേശനം പൂർത്തീകരിക്കേണ്ട തീയതിക്ക് (27/09/2018) മുൻപായി റാങ്ക് ലിസ്റ്റിൽ നിന്നും ഉള്ള അപേക്ഷർക്ക് പ്രവേശനം നൽകുകയും റാങ്ക് ലിസ്റ്റിൽ പ്രവേശനത്തിനായി അപേക്ഷകർ ലഭ്യമല്ലാതെയും വരികയാണെങ്കിൽ അഡീഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കാവുന്നതും ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ അപ് ലോഡ് ചെയ്തതിനു ശേഷം അതത് കോളേജുകൾക്ക് പ്രവേശനം നടത്താവുന്നതുമാണ്.
6. മെറിറ്റ്/സംവരണ സീറ്റുകളിലേക്കാണ് പ്രവേശനം നടത്തുന്നതെന്നതിനാൽ സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന ഫീസിൽ കൂടുതൽ ഫീസ് ഈടാക്കാൻ പാടുള്ളതല്ല. പ്രവേശനം/ഫീസ് സംബന്ധിച്ച് ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുകയോ പരാതികളിന്മേൽ അന്വേഷണം നടത്തി ക്രമക്കേട് കണ്ടെത്തുകയോ ചെയ്യുന്ന പക്ഷം നിയമാനുസൃതമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതാണ്.
7. പ്രവേശനം സംബന്ധമായ വിവരങ്ങൾ പ്രവേശനം നടത്തുന്ന സമയത്ത് തന്നെ ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ അഡ്മിഷൻ പോർട്ടൽ 27/09/2018 11.59 പി എം. നു തന്നെ ക്ലോസ് ചെയ്യുന്നതും അതിനു മുൻപായി കോളേജിൽ പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട് എന്നു ഉറപ്പു വരുത്തേണ്ടതും കോളേജ് പ്രിൻസിപ്പൽമാർ ഇക്കാര്യത്തിൽ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്. പിന്നീട് യാതൊരു കാരണവശാലും ഓൺലൈൻ അഡ്മിഷൻ പോർട്ടൽ തുറക്കുന്നതുമായിരിക്കുകയില്ല.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ബൈജു എൻ
അസ്സിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പൽമാർക്ക്
2. വി സി/ പി വി സി യുടെ പി എസ് മർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺ ട്രോളറുടെ പി എ മാർ
4. ജോയൻറ് രജിസ്ട്രാർ 1/2 (ഭരണം)
5. ഡെപ്യൂട്ടി രജിസ്ട്രാർ 1/2/3 (അക്കാദമിക്ക്)
6. അസ്സിസ്റ്റൻറ് രജിസ്ട്രാർ 1/2/3/4 (അക്കാദമിക്ക്)
7. എ സി എ 1/7/8 വകുപ്പുകൾ
8. കണ്ടൻറ് മാനേജമെൻറ്/പി ആർ ഒ/തപാൽ

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ

ഫയൽ നം എ സി ബി 6/1/7546/17